**934**

ഇമ്മാനുവേലിൻ ജനം സമ്മോദിക്കുന്ന ദിനം
ചെമ്മേയടുത്തിടുന്നെന്നുള്ള പ്രധാന സത്യ-
മരികിൽ സന്തോഷം ഉള്ളിൽ നിറയും വിശേഷാൽ

1 കഷ്ടം സഹിച്ചിടും തൻ ശിഷ്ടജനത്തിന്നതി-
ശ്രേഷ്ടാവകാശം നൽകും രാജൻ ക്രിസ്തേശു നാഥൻ
വരുന്നു വേഗത്തിൽ മഹിമയിൻ പ്രഭാവത്തിൽ-

2 നിദ്രപാപിച്ച വൃതർ വിദ്രുതം ദിവ്യശക്ത്യാ
ഭദ്രമുയിർത്തു നമ്മോടൊത്തു പ്രകാശിതരായ്
പോകും നിമിഷത്തിൽ ചേരും കർത്തൃസവിധത്തിൽ-

3 മണ്മയമാം ശരീരം വിണ്മയമായിടും സ-
ച്ചിന്മയനേശുരാജൻ തന്മുഖ കാന്തി നമ്മിൽ
പ്രതിഫലിച്ചിടും നിത്യം പരിലസിച്ചിടും-

4 കൺകളിൽനിന്നു കണ്ണീർ തൻ കരങ്ങൾ തുടയ്ക്കും
സങ്കടം തീർന്നു നിത്യമംഗളമനുഭവിക്കും
സംശയം വിനാ യേശു സന്നിധൗ മുദാ-

5 അസ്തമിക്കും വരെയും സ്വസ്ഥതയെന്നിയേ പ്ര-
ശസ്തമാം സേവയിൽ വിശ്വസ്തത പാലിച്ചവർ-
ക്കേകും പ്രതിഫലം കണ്ടു കൂറുമതിശയം-

**E.I.J.**